LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

318 (1761) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകൾ നവീകരിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ;

(ബി) അച്ചടി രംഗത്തെ നൂതന സാങ്കേതിക വിദ്യയും, പുതിയ രീതികളും പ്രസ്സുകളിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എല്ലാ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ ഫോറം, രജിസ്റ്റർ മുതലായവ സർക്കാർ പ്രസ്സുകളിൽ തന്നെയാണോ അച്ചടിക്കുന്നത്;

(ഡി) ഈ സാമ്പത്തിക വർഷം സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നവീകരണത്തിനുള്ള നടപടികൾ തുടർന്നു വരുന്നു.

(ബി) ആവശ്യമായ ഫണ്ടും പുതിയ സാങ്കേതിക വിദ്യയിൽ പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവവും കാരണം അച്ചടി രംഗത്തെ നൂതന സാങ്കേതിക വിദ്യയും പുതിയ രീതികളും പ്രസ്സുകളിൽ പൂർണ്ണതോതിൽ നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്.

(സി) എല്ലാ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും സർക്കാർ പ്രസ്സുകളിലാണ് അച്ചടിക്കുന്നത്. സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികൾ സർക്കാർ പ്രസ്സുകൾക്കുപുറമേ സി ആപ്റ്റ്, കെ.ബി.പി.എസ്. എന്നീ സ്ഥാപനങ്ങളിലും അച്ചടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) നടപ്പുസാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 575 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

എം.എൽ.എ.-മാർക്ക് സ്റ്റേഷനറി സാധനങ്ങൾ

319 (1762) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്ക് ഓഫീസ് ആവശ്യങ്ങൾക്കായി ഓരോ വർഷവും നൽകി വരുന്ന സ്റ്റേഷനറി സാധനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) എം.എൽ.എ.-മാർക്ക് ഓഫീസ് ആവശ്യങ്ങൾക്കായി ഓരോ വർഷവും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ പത്രിക അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി&സി) എം.എൽ.എ.-മാർക്ക് വിതരണം ചെയ്ത ജെൽ പേന ഉപയോഗയോഗ്യമല്ലെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് കരാറുകാരനോട് പകരം പേനകൾ വിതരണം ചെയ്യാൻ നിർദ്ദേശിക്കുകയും അപ്രകാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

നഷ്ടപ്പെട്ട ജനന രജിസ്റ്ററുകൾക്ക് പരിഹാരം

320 (1763) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനനരജിസ്റ്ററുകൾ കാലപ്പഴക്കം മൂലമോ മറ്റ് കാരണങ്ങളാലോ നഷ്ടപ്പെട്ടതുമൂലം നിരവധി ആളുകൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി രജിസ്റ്ററുകൾ നഷ്ടപ്പെട്ടതുമൂലം ജനനസർട്ടിഫിക്കറ്റുകൾ ലഭിക്കാത്തവർക്ക് എസ്.എസ്.എൽ.സി. ബുക്കോ മറ്റ് രേഖകളോ ആധാരമാക്കി ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല. ആയതിനാൽ എസ്.എസ്.എൽ.സി. ബുക്കോ മറ്റു രേഖകളോ ആധാരമാക്കി ജനന സർട്ടിഫിക്കറ്റ് നൽകാൻ ടി രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥയില്ല. കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുപോയ രജിസ്റ്ററുകളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly